LIBRARY ARCHIVES Kerala Legislative Assembly

### കാർഷിക മേഖലയുടെ പ്രളയ പുനരധിവാസം

59 (1044) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ കാർഷിക മേഖലയിൽ എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രകൃതിക്ഷോഭംമൂലം സംസ്ഥാനമൊട്ടാകെ കാർഷിക മേഖലയ്ക്ക് 19,001.84 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ഇതിൽ വിളകൾക്കുണ്ടായ നാശനഷ്ടം 18,545.25 കോടി രൂപ, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവമൂലം കൃഷി ഭൂമിയ്ക്കുണ്ടായ നാശം 326.25 കോടി രൂപ, കാർഷിക മേഖലയിലെ ആസ്തികൾക്കും ഉല്പാദനോപാധി കൾക്കുമുണ്ടായ നാശനഷ്ടം 130.34 കോടി രൂപ എന്നിവ ഉൾപ്പെടുന്നു.

(ബി) ഈ മേഖലയുടെ പ്രളയ പുനരധിവാസത്തിനായി ഇതുവരെ എത്ര തുക സർക്കാർ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

2018-19-ൽ പ്രളയത്തിൽ കൃഷി നശിച്ചവർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം സംസ്ഥാന വിഹിതമായി 175.79 ലക്ഷം രൂപയും എസ്.ഡി.ആർ.എഫ്-ൽ നിന്ന് 11,598.8514 ലക്ഷം രൂപയും അനുവദിച്ചു. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2018-19-ൽ 3,996.47315 ലക്ഷം രൂപയും കുടിശ്ശിക നൽകുവാനുണ്ടായിരുന്ന 2,037 ലക്ഷം രൂപ 2019-20-ലും അനുവദിച്ചു.

### കുട്ടനാട്ടിലെ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി

60(1045) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കാവാലം പഞ്ചായത്തിൽ മാണിക്യമംഗലം കായൽ പാടശേഖരത്തിൽ 2020-ൽ ഉണ്ടായ മടവീഴ്ചയുടെ ഫലമായി കർഷകർക്ക് നൽകാനുള്ള നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

മടവീഴ്ചയോടനുബന്ധിച്ച് കർഷകർക്ക് നഷ്ടമായ 40,000 കി.ഗ്രാം നെൽവിത്ത് അടിയന്തിരമായി പകരം നൽകുകയുണ്ടായി. പുറംബണ്ട് നിർമ്മിച്ചതിന്റെ 7,96,497 (ഏഴ് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി നാനൂറ്റി തൊണ്ണൂറ്റി ഏഴ്) രൂപയുടെ ക്ലെയിം ലഭിക്കുകയും തുക അനുവദിക്കുന്നതിനായി കളക്ടർക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.